"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പാലക്കാട് ജില്ലാ പഞ്ചായത്ത് നിർമ്മിക്കുന്ന സിനിമക്ക് സംവിധായകൻ നൽകേണ്ട ബാങ്ക് ഗ്യാരന്റി ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.962/2019/LSGD തീയതി, തിരുവനന്തപുരം, 10/05/2019

---

പരാമർശം:- 1 പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07/03/2019ലെ പി3/2231/2018 നമ്പർ കത്ത്

2. സ.ഉ(സാധാ)നം.128/2017/ഐ&പിആർ തീയതി:29-3-17

<u>ഉത്തരവ്</u>

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ഒരു നൂതന പ്രോജക്ടായി തിരഞ്ഞെടുത്തിട്ടുള്ള 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകത്തെ ആധാരമാക്കിയുള്ള സിനിമ നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തി പ്രശസ്ത സംവിധായകൻ ശ്രീ. എം. ജി. ശശിയെ ഇതിന്റെ ഡയറക്ടറായി ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിലേക്കായി പരാമർശം (2) ഉത്തരവിലെ മൂന്നാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകളിൽ ബാങ്ക് ഗ്യാരന്റി എന്ന വ്യവസ്ഥ ഒഴിവാക്കി 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന സിനിമ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

2. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു നവീന പദ്ധതി എന്ന നിലക്ക്, കരാറിലെ മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ട് ചലച്ചിത്രനിർമ്മാണം പൂർത്തിയാക്കണം എന്ന നിബന്ധനയോടെ, പരാമർശം (2) ഉത്തരവിലെ 3-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ബാങ്ക് ഗ്യാരന്റി എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ